(ഡി) ഇല്ലെങ്കിൽ തുടർന്ന് നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് നൽകുന്ന പദ്ധതി വിഹിതം/ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ട് എന്നിവ വിനിയോഗിച്ച് വരുംവർഷങ്ങളിൽ തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിൽ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള വായ്പാധിഷ്ഠിത ഭവന നിർമ്മാണ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, വയനാട് ജില്ലകളിലായി 36 ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) വായ്പാധിഷ്ഠിത ഭവന നിർമ്മാണ പ്രോജക്ടുകൾക്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും നടപടിക്രമങ്ങൾക്കും അനുസൃതമായി ഗ്രാമ പഞ്ചായത്തുകൾ നടപടികൾ സ്വീകരിച്ചു വരികയാണ്. വീട് ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) & (ഡി) 1-4-2005-നുശേഷം വായ്പാധിഷ്ഠിത ഭവന നിർമ്മാണ പ്രോജക്ടുകൾക്ക് ലഭിച്ച അപേക്ഷകൾക്ക് അനുമതി നൽകിയിട്ടില്ല.

കുന്ദമംഗലം പി.എച്ച്.സി.യിൽ ഡോക്ടർമാർക്ക് ക്വാർട്ടേഴ്സ്

100 [2532] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം പി.എച്ച്.സി.യിൽ ഡോക്ടർമാർക്കു വേണ്ടി ക്വാർട്ടേഴ്സ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടിയാണ് ഇതിനുവേണ്ടി സ്വീകരിച്ചത്;

(സി) കുന്ദമംഗലം പി.എച്ച്.സി.യിൽ ക്വാർട്ടേഴ്സ് നിർമ്മാണം എന്നത്തേക്ക് പ്രാവർത്തികമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുന്ദമംഗലം പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഡോക്ടർമാർക്കുള്ള ക്വാർട്ടേഴിസിന്റെ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ പ്രവൃത്തി പരിശോധന നടത്തിയതിൽ ചില സാങ്കേതിക അപാകതകൾ ചൂണ്ടികാണിച്ചിട്ടുണ്ട്. പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കുന്ദമംഗലം പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തിയായതിനാൽ സാങ്കേതിക തകരാറുകൾ പരിഹരിച്ച് എത്രയും

LIBRARY ARCHIVES Kerala Legislative Assembly

പെട്ടെന്ന് ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പഞ്ചായത്തധികൃതർക്ക് നിർദ്ദേശം നൽകുന്നതാണ്.

മഞ്ചേശ്വരത്തെ പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കുന്നതിന് നടപടി

101 [2533] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി, മംഗലപാടി പ്രൈമറി ഹെൽത്ത് സെന്റർ, പെർള പ്രൈമറി ഹെൽത്ത് സെന്റർ, ചെങ്കള പ്രൈമറി ഹെൽത്ത് സെന്റർ എന്നിവ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

മുക്കം സി.എച്ച്.സി. യുടെ അടിസ്ഥാന സൗകര്യങ്ങൾ

102 [2534] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മുക്കം സി.എച്ച്.സി.യിൽ ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് രോഗികളും മറ്റും പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സി.എച്ച്.സി.ക്ക് അനുവദിക്കപ്പെട്ട മാനദണ്ഡത്തിലുള്ള കിടക്കകളും സ്റ്റാഫും ഇവിടെയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സി.എച്ച്.സി. കളുടെ മിനിമം കിടക്കകളുടെ എണ്ണം 30 ആണ്. എന്നാൽ മുക്കം സി.എച്ച്.സി.യിൽ 18 കിടക്കകൾ മാത്രമാണ് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്. 2-8-1961-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 3150/61/ഹെൽത്ത് പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ പ്രകാരം ആവശ്യമായ ജീവനക്കാർ ഇപ്പോൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly